"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി നഗരസഭ - 52 പുര ഉന്നതി പുനരധിവാസ പദ്ധതി - നിലവിലെ താമസക്കാരായ 19 ഗുണഭോക്താക്കൾക്ക് കുടി താമസ ഭൂമി പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.702/2026/LSGD തീയതി, തിരുവനന്തപുരം, 12-03-2026**

---

പരാമർശം:-

1. 17/01/2007 തീയതിയിലെ സ.ഉ. (സാധാ) നം. 203/2007 ത.സ്വ.ഭ.വ.
2. 06/07/2010 തീയതിയിലെ സ.ഉ. (അച്ചടി) നം. 173/2010/റവ .
3. നഗരകാര്യ ഡയറക്ടറുടെ 17/11/2021 തീയതിയിലെ G3--6055/2018 നമ്പർ കത്ത്.
4. ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 04/11/2025 തീയതിയിലെ 2/2-◌ാ◌ം നമ്പർ തീരുമാനം.
5. ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിയുടെ 27-12-2025 തീയതിയിലെ 4243860-2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാലക്കുടി നഗരസഭ, ഗാന്ധിനഗർ 52 പുര ഉന്നതി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 52 ഗുണഭോക്താക്കൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറി നൽകുന്നതിന് പരാമർശം (1) പ്രകാരം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണെന്നും പരാമർശം (2) പ്രകാരം കൈവശ രേഖ അനുവദിച്ച് നൽകാൻ ഉത്തരവായിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ 33 ഗുണഭോക്താക്കൾക്ക് കൈവശ രേഖ അനുവദിച്ച് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതുമാണെന്നും ശേഷിക്കുന്ന 19 വീടുകളിൽ യഥാർത്ഥ ഗുണഭോക്താക്കൾ വീടും, വസ്തുവും കൈമാറ്റം ചെയ്യുകയോ, അനന്തരാവകാശികൾ താമസിച്ചു വരുകയോ ചെയ്തിരുന്നതിനാൽ കൈവശാവകാശ രേഖ അനുവദിച്ച് നൽകിയിരുന്നില്ലെന്നും ടി സ്ഥലത്ത് നിലവിൽ താമസിച്ച് വരുന്ന 19 താമസക്കാർക്കു കുടി ഭൂമി അവരുടെ പേരിൽ കൈമാറ്റം ചെയ്ത് നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

വില്ലേജ് റിക്കാർഡുകൾ പ്രകാരം സർവ്വെ നം 224/1, 224/2 എന്നിവ യഥാക്രമം പുരയിടം. നിലം എന്നിങ്ങനെ പതിഞ്ഞിട്ടുള്ളതാണെന്നും പട്ടയം ലഭിക്കുന്നതിലേക്കായി വീടും വസ്തുവും കൈമാറി കിട്ടിയ യഥാർത്ഥ ഗുണഭോക്താക്കൾ പ്രസ്തുത സ്ഥലത്ത് താമസമില്ലെന്നും, ഇപ്പോഴത്തെ അപേക്ഷകരാണ് നിലവിലെ താമസക്കാരെന്നും കാണിക്കുന്ന റവന്യൂ അധികാരിയിൽ

(തഹസീൽദാർ) നിന്നുള്ള കത്ത് ടി യഥാർത്ഥ 19 ഗുണഭോക്താക്കൾക്ക് എത്ര സ്ഥലം വീതമാണ് അനുവദിച്ച് നൽകിയിട്ടുള്ളത് എന്നതിന്റെ തഹസീൽദാർ ലഭ്യമാക്കിയിട്ടുള്ള വിശദ വിവരങ്ങൾ എന്നിവ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. ചാലക്കുടി നഗരസഭ പതിച്ചു നല്കാൻ ഉദ്ദേശിക്കുന്ന ഭൂമി 1983-ൽ ട്രാംവേ പുറമ്പോക്കിലുള്ള 5 2 വീട്ടുകാരെ പുനരധിവസിപ്പിക്കുന്നതിനായി നഗരസഭ വാങ്ങിയിരുന്നതാണെന്ന് ചാലക്കുടി നഗരസഭ കാര്യാലയത്തിന്റെ 27/04/2021 തീയതിയിലെ R3-7132 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ചാലക്കുടി താലൂക്ക് തഹസിൽദാരിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ട് 04/11/2025-ൽ ചാലക്കുടി നഗരസഭാ കൗൺസിൽ പരിഗണിക്കുകയും 52 പുര ഉന്നതി ചേരി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്ഥലത്ത് നിലവിൽ താമസിച്ച് വരുന്ന 19 പേർക്കും ഭൂമി അവരുടെ പേരിൽ കൈമാറി നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ്. ടിയാൾക്കാർക്ക് അവരുടെ പേരിൽ ഭൂമി കൈമാറ്റം ചെയ്ത് കൈവശാവകാശ രേഖ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം ചാലക്കുടി മുനിസിപ്പൽ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ടി ഭൂമിയിൽ താമസിച്ചു വരുന്ന 19 പേരും പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവരാണോ എന്നത് പരിശോധിച്ചു ഉറപ്പു വരുത്തി, ഭൂമി കൈമാറി നൽകുന്നതിന് ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, ചാലക്കുടി നഗരസഭ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ &പി.ആർ.ഡി, വെബ് ന്യൂ മീഡിയ.

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (ആർ.ഇ.2/103/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 12-03-2026 12:15:09

സെക്ഷൻ ഓഫീസർ